# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3092** 13.07.2015-ൽ മറുപടിയ്ക്ക്

**മറയൂർ ചന്ദനമോഷണ കേസുകൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.അജിത്**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(എ) കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മറയൂരിൽ ഉണ്ടായ ചന്ദന മോഷണങ്ങളെക്കുറിച്ചുള്ള കേസുകളെക്കുറിച്ച് വർഷം തിരിച്ച് വ്യക്തമാക്കുമോ ; ഈ കേസുകളിൽ പൂർണ്ണമായി പ്രതികളെ കണ്ടെത്തിയ കേസുകളും ഭാഗികമായി പ്രതികളെ കണ്ടെത്തിയ കേസുകളും ഒരു പ്രതിയേയും കിട്ടാത്ത കേസുകളും എത്ര വീതമെന്നും വ്യക്തമാക്കുമോ;

(എ)

| ക്രമ നം. | വർഷം | എണ്ണം | പൂർണ്ണമായി പ്രതികളെ കണ്ടെത്തിയ കേസുകൾ | ഭാഗികമായി പ്രതികളെ കണ്ടെത്തിയ കേസുകൾ | ഒരു പ്രതിയേയും കിട്ടാത്ത കേസ്സുകൾ. |
|---|---|---|---|---|---|
| 1 | 2010 | 61 | 33 | 22 | 6 |
| 2 | 2011 | 33 | 13 | 15 | 5 |
| 3 | 2012 | 30 | 18 | 7 | 5 |
| 4 | 2013 | 8 | 4 | 2 | 2 |
| 5 | 2014 | 25 | 7 | 14 | 4 |
| 6 | 2015 | 10 | 1 | 4 | 5 |
| | ആകെ | 167 | 76 | 64 | 27 |

(ബി) കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മറയൂരിലെ ചന്ദന മോഷണ കേസുകളിൽ റിസർവ്വ് വനത്തിലെ കേസുകളും, സ്വകാര്യ ഭൂമിയിലെ കേസുകളും എത്ര വീതമെന്ന്

(ബി) സ്വകാര്യ ഭൂമിയിലെ ചന്ദനം മോഷണം പോകുന്നതിന് ഈ ഡിവിഷനിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നില്ല.

കഴിഞ്ഞ ആറ് വർഷത്തിനിടയിൽ, മറയൂരിലെ ചന്ദനമോഷണ കേസു

വർഷം തിരിച്ച് വ്യക്തമാക്കുമോ;

കളിൽ റിസർവ്വ് വനത്തിലെ കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | റിസർവ്വ് |
|---|---|---|
| 1 | 2010 | 61 |
| 2 | 2011 | 33 |
| 3 | 2012 | 30 |
| 4 | 2013 | 8 |
| 5 | 2014 | 25 |
| 6 | 2015 | 10 |
| | ആകെ | 167 |

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം മറയൂരിലെ ചന്ദന മോഷണങ്ങൾ വർദ്ധിച്ചത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ :

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള കാലയളവിൽ മറയൂരിലെ ചന്ദന മോഷണങ്ങൾ വർദ്ധിച്ചിട്ടില്ല. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. മറയൂർ ഡിവിഷനിൽ കുറ്റകൃത്യങ്ങൾ നടന്നിട്ടില്ല എന്ന് പരിശോധന നടത്തി ദിവസവും റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ട്. ഇത് കൂടാതെ വനം വിജിലൻസ് വിഭാഗവും സാന്റൽ മോണിറ്ററിംഗ് സെല്ലും മറയൂരിൽ ചന്ദന റിസർവ്വിലെ മോഷണങ്ങൾ യഥാസമയം വിലയിരുത്തുന്നുണ്ട്. സ്വകാര്യ ഭൂമിയിൽ നിന്നും മുറിച്ച ചന്ദന മരങ്ങൾ, കുറ്റികൾ എന്നിവ മോഷണം പോകുമ്പോൾ റിസർവ്വിൽ നിന്നും നഷ്ടപ്പെട്ട് ചന്ദനമാണ് ഇവയെന്നും മാധ്യമങ്ങളിൽ വാർത്ത

തെറ്റിദ്ധരിച്ചു വരുന്നുണ്ട്. മറയൂർ ഡിവിഷന്റെ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള മോഷണമാണ് 2013 മുതൽ നാളിതുവരെ നടന്നിട്ടുള്ളത്. നിലവിൽ ചന്ദന സംരക്ഷണത്തിനായി ഡിപ്പാർട്ടമെന്റ് നടത്തി വരുന്ന അതീവ ജാഗ്രതയോടെയുള്ള രാത്രികാല സംരക്ഷണ പ്രവർത്തനങ്ങൾ, പട്രോളിംഗ്, വാഹന പരിശോധന, രഹസ്യവിവരം ശേഖരിക്കൽ, ഡോഗ് സ്ക്വാഡിന്റെ സേവനം, അന്തർ സംസ്ഥാന വനം വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള സഹകരണം തുടങ്ങി എല്ലാ സംവിധാനങ്ങളും ഫലപ്രദമായി നടന്നു വരുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്.

2005 മുതൽ നാളിതുവരെയുള്ള ചന്ദനമോഷണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | കുറ്റകൃത്യങ്ങളുടെ എണ്ണം | മുറിച്ച ചന്ദന മരങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 2005 | 480 | 2796 |
| 2 | 2006 | 77 | 109 |
| 3 | 2007 | 56 | 61 |
| 4 | 2008 | 47 | 51 |
| 5 | 2009 | 49 | 56 |
| 6 | 2010 | 61 | 68 |
| 7 | 2011 | 33 | 37 |

| | | | |
|---|---|---|---|
| 8 | 2012 | 30 | 51 |
| 9 | 2013 | 8 | 9 |
| 10 | 2014 | 25 | 31 |
| 11 | 2015 | 10 | 13 |

സെക്ഷൻ ഓഫീസർ